(ബി) ആ റോഡ് മെറ്റൽ ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ടെങ്കിലും ആ ജോലി നടത്തുന്നതിനുള്ള താമസത്തിന് കാരണം എന്താണെന്ന് ദയവായി പറയാമോ ?

HON'BLE MR. K. R. ELANKATH (*a*) Yes.
(*b*) Every endeavour is being made to complete the work soon

പാലം പണി.

207. MR. P. C. GEORGE : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

പത്തനംതിട്ട താലൂക്കിലെ കുമ്പഴ, റാന്നി, കൈപ്പട്ടൂർ, വടശ്ശേരിക്കര എന്നീ സ്ഥലങ്ങളിൽ പാലങ്ങൾ കെട്ടുന്നതിന് എസ്റ്റിമേറുകൾ ഈ ആഴ്ചയിൽ തന്നെ തയ്യാറാക്കുവാൻ വേണ്ടതു ചെയ്യുമോ ?

HON'BLE MR. K. R. ELANKATH : വേണ്ടതു ചെയ്യാം. എന്നാൽ പൊതുവെ പാലങ്ങളെ സംബന്ധിച്ചു ഒരു നിർദ്ദിഷ്ടപദ്ധതിയനുസരിച്ചു പ്രവർത്തിക്കുകയേ സാദ്ധ്യമുള്ളൂ.

വാളണ്ടിയർ സേന.

208 MR. A. K. PATCHU PILLAI : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവിതാംകൂറിൽ സ്ഥിരമായി ഒരു വാളണ്ടിയർസേന സജ്ജീകരിക്കാൻ നിശ്ചയിച്ചിരിക്കുന്നതായി ഫ്രണ്ടർ കന്നി ലക്കം-ാം പേജിൽ മി. എം. നരേന്ദ്രൻ എന്ന ഒരാൾ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നതായി ഗവണ്മെൻറിന് അറിവുണ്ടോ ?

(ബി) ടി സേനയ്ക്ക് ഗവണ്മെൻറ് ഏതെങ്കിലും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ?

(സി) സ്റ്റേറിൽ പല സ്ഥലങ്ങളിലും ഇതുപോലെ വ്യക്തികളോ സ്ഥാപനങ്ങളോ വാളണ്ടിയർസേന സംഘടിപ്പിച്ചു പരിശീലനം നൽകുന്നതിൽ ഗവണ്മെൻറിന്റെ മനോഭാവം എന്താണ് ?

(ഡി) അതിനു ഗവണ്മെൻറ് പ്രോത്സാഹനം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : (എ) ഉണ്ട്. പത്ര റിപ്പോർട്ടുകളിൽനിന്നും, അന്വേഷണത്തിലും അവ അടിസ്ഥാനരഹിതങ്ങളാണെന്ന കണ്ടു.

(ബി) ഇല്ല.

(സി) വ്യക്തികളും സ്ഥാപനങ്ങളും വാളണ്ടിയർസേന സംഘടിപ്പിച്ച് പരിശീലനം നൽകുന്നതു് രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾക്ക് ചേർന്നതല്ല.

(ഡി) (സി)യുടെ ഉത്തരത്തിൽ നിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

Caste-war list of clerks in Secretariat.

209. MR. R. CHELLASWAMI NADAR : Will the Hon ble Minister for General Administration be pleased to lay on the table a caste-war list of clerks in the Secretariat, drawing a salary of Rs. 30-165.

HON'BLE MR. T. K. NARAYANA PILLAI: *The statement is laid on the table.

ഗാന്ധി നാഷനൽ മെമ്മോറിയൽ ഫണ്ട്.

210. MR. A. K. PATCHU PILLAI താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗാന്ധിനാഷനൽ മെമ്മോറിയൽ ഫണ്ടിലേക്ക് നാളിതുവരെ ആകെ എത്ര സംഖ്യ പിരിഞ്ഞുകിട്ടി?

(ബി) താലൂക്കതോറുമുള്ള പിരിവുസംഖ്യ എത്രയെന്ന അറിയിക്കുമോ?

(സി) ഇപ്പോഴത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിൽ പിന്നെ ഈ ഫണ്ടിലെ പണപ്പിരിവിനു വല്ല ത്രമങ്ങളും നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

(ഡി) മുൻ മന്ത്രിമാർ ഓരോരുത്തരും, മുൻ പ്രസിഡന്റ്, ഡപ്യൂട്ടി പ്രസിഡന്റ് ഇവരും ഫണ്ടിലേക്ക് എന്തു സംഭാവന ചെയ്തു.

(ഇ) ഇപ്പോഴത്തെ മന്ത്രിമാർ ഓരോരുത്തരും മന്ത്രിമാർ ആകുന്നതിനു മുമ്പ് വല്ല സംഭാവനകളും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെല്ലാം എത്ര വീതം?

(എഫ്) ഇപ്പോഴത്തെ മന്ത്രിമാർ മന്ത്രിപദം ഏറ്റതിനുശേഷം സംഭാവന വല്ലതും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെല്ലാം എത്ര വീതം?

* *Vide* Appendix 'F'

LIBRARY ARCHIVES Kerala Legislative Assembly